I ഇ.ബി. XI-കേരള നിയമസഭ/V8

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

കേരള നിയമസഭാംഗങ്ങളായിരുന്ന കെ. കെ. തോമസ്, എസ്. ഗോവിന്ദക്കുറുപ്പ്, ബി .വി. സീതി തങ്ങൾ, ജി. ഗോപിനാഥ പിള്ള, ജി.പി. തമ്പി, എൻ. ചന്ദ്രശേഖരക്കുറുപ്പ്, എൻ.കെ. കുഞ്ഞികൃഷ്ണൻ നായർ എന്നിവരുടേയും തിരു-കൊച്ചി നിയമസഭാംഗ ങ്ങളായിരുന്ന സി. കെ. വിശ്വനാഥൻ, കെ. ജെ. തോമസ്സ്, കെ.എം. ജോർജ്ജ് എന്നിവരുടേയും ശ്രീമൂലം അസംബ്ലിയിലെ അംഗമായിരുന്ന കെ. ബാലകൃഷ്ണ മേനോന്റേയും നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തി.

പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.

## ശ്രദ്ധക്ഷണിക്കൽ

(1) <u>കഞ്ചിക്കോട് വ്യവസായ മേഖലയിലെ ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട്</u>

**<u>ശ്രീ. എ.കെ.ബാലൻ:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 117 ചെറുകിട - സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ യഥാർത്ഥ കണക്ക് അതിൽനിന്നും വളരെ കൂടുതലാണ്. പാലക്കാട് ജില്ലയിലെ പ്രമുഖ വ്യവസായ കേന്ദ്രമായ കഞ്ചിക്കോട് മേഖലയിൽ പന്ത്രണ്ട് വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി; അഞ്ചെണ്ണം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറിയിൽ 1973-ൽ ഡിസ്റ്റിലറി സ്ഥാപിച്ചതിനെത്തുടർന്ന് അത് പ്രവർത്തിച്ചു വരികയായിരുന്നു. എങ്കിലും 1996-ൽ ചാരായ നിരോധനം നടപ്പിലാക്കിയതുമൂലം വരുമാനമാർഗ്ഗമില്ലാതെ അത് പ്രതിസന്ധിയിലായിരിക്കുകയാണ്. ഇറക്കുമതി നയത്തിലുണ്ടായ ഉദാരവൽക്കരണത്തിന്റെ ഭാഗമായി അവിടെ ഉൽപാദിപ്പിക്കപ്പെട്ട പഞ്ചസാര വിൽക്കാൻ സാധിക്കാതെ അഞ്ചരക്കോടി രൂപയുടെ പഞ്ചസാര കെട്ടിക്കിടക്കുകയാണ്. ഈ സ്ഥാപനം പ്രതിസന്ധിയിലായതുകാരണം കരിമ്പ് കൃഷിക്കാരും തൊഴിലാളികളുമടക്കം ആയിരക്കണക്കിന് ആളുകൾ പട്ടിണിയിലാണ്. 117 ഏക്കർ സ്ഥലവും കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള യന്ത്രസാമഗ്രികളും വലിയ കെട്ടിടങ്ങളും സ്വന്തമായി ഉള്ള ഈ സ്ഥാപനത്തിന് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യനിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് ഒരു മാനുഫാക്ചറിംഗ് യൂണിറ്റ് തുടങ്ങുന്നതിന് അനുവാദം കൊടുത്താൽ ഈ ഫാക്ടറി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും. വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതുകാരണം നൂൽ നിർമ്മാണ ഫാക്ടറിയായ ''മദ്രാസ് സ്പിന്നേഴ്സ്'' അടച്ചുപൂട്ടപ്പെടുകയുണ്ടായി. കൂടാതെ കോടിക്കണക്കിന് രൂപയുടെ പ്രവർത്തന മൂലധനമുള്ള ''ടാറ്റാ ടെലിഫോൺ നിർമ്മാണ ഫാക്ടറി'', ടെക്സ്റ്റയിൽ പ്രോസസിംഗ് കോംപ്ലക്സായ ''ടീ ടെക്സ്'', ''സൺ മെറ്റൽസ്'',

"രാമകൃഷ്ണാ കാർബൈഡ്സ്", "എൽ.ജി. റബർ ഫാക്ടറി", ബി.പി.എൽ–ന്റെ 16 സബ്സിഡിയറി കമ്പനികൾ, "യൂണിവേഴ്സൽ റബർ ഫാക്ടറി","അതുല്യ സിമന്റ്സ്", "സാക്സൺ മൈനർ എഞ്ചിനിയറിംഗ്" തുടങ്ങിയ കമ്പനികൾ അടച്ചുപൂട്ടുകയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. "പാണ്ഡ്യൻ കെമിക്കൽസ്" ഉൽപാദനം വെട്ടിക്കുറയ്ക്കുകയും 50 ശതമാനം തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തു. 25 കോടി രൂപ മുതൽമുടക്കിൽ ആരംഭിച്ച "മലബാർ സിമന്റ്സ്" കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 36 കോടി രൂപ ലാഭമുണ്ടാക്കിയിരുന്നു; നികുതി ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് 282 കോടി രൂപ നൽകിയ സ്ഥാപനമാണ് അത്. എന്നാൽ ഇപ്പോൾ ആ സ്ഥാപനം 10 കോടി രൂപ നഷ്ടത്തിലാണ്. തൊഴിൽ സമരംകൊണ്ടല്ല; ഇറക്കുമതി നയത്തിന്റേയും വൈദ്യുതി ചാർജ് വർദ്ധനവിന്റേയും ഫലമായിട്ടാണ് അടച്ചുപൂട്ടൽ ഉണ്ടായിട്ടുള്ളത്. ഇന്ന് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ തൊഴിലാളികൾ മുഴുപ്പട്ടിണിയിലാണ്. "ജിം "–ന്റെ പേരിൽ വ്യവസായത്തിന്റെ വെള്ളപ്പൊക്കം സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് മേഖലയിലെ ഇരുപതിനായിരത്തിലധികം തൊഴിലാളികളേയും അവരെ ആശ്രയിച്ചുകഴിയുന്ന എഴുപത്തയ്യായിരത്തോളം കുടുംബാംഗങ്ങളേയും രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ പൊതുമേഖലയിലുള്ള ഏക പഞ്ചസാര ഫാക്ടറിയായ ചിറ്റൂർ സഹകരണ ഷുഗർ ഫാക്ടറി അടച്ചുപൂട്ടാൻ പോകുന്നതിൽ പ്രതിഷേധിച്ച് തൊഴിലാളികളും ആ പ്രദേശത്തെ കരിമ്പ് കൃഷിക്കാരും ഇന്ന് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ധർണ്ണ നടത്തുകയാണ്. അടച്ചുപൂട്ടപ്പെടുന്ന ഈ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സത്വരമായി സ്വീകരിക്കണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി)** : 1994 മുതൽ കഞ്ചിക്കോട് മേഖല ഒരു വ്യവസായ ഏരിയയായി ഡെവലപ്പ് ചെയ്യാനുള്ള ശ്രമം ഗവൺമെന്റ് നടത്തിവരികയാണ്. ഈ മേഖലയിൽ നിലവിലുള്ള വ്യവസായ

സ്ഥാപനങ്ങൾക്കു പുറമെ പുതിയവയും വന്നുകൊണ്ടിരിക്കുന്നുണ്ട്. പഴയ ചില വ്യവസായ സ്ഥാപനങ്ങൾക്ക് പ്രശ്നമുണ്ടെന്നുള്ളത് ശരിയാണ്. ചിറ്റൂർ ഷുഗർ മില്ലിൽ മുമ്പുണ്ടായിരുന്നതുപോലുള്ള ബിസിനസ്സ് ഇപ്പോഴില്ല. 1997 മുതൽ ഈ സ്ഥാപനം നഷ്ടത്തിലാണ്. ഇൻഡ്യൻ നിർമ്മിത വിദേശ മദ്യ നിർമ്മാണത്തിനായി ഈ സ്ഥാപനത്തെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനെ ഏൽപിക്കണമെന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്.. അവ പരിഹരിക്കുന്ന മുറയ്ക്ക് ഈ സ്ഥാപനത്തെ ബിവറേജസ് കോർപ്പറേഷനെ ഏൽപിക്കാൻ ശ്രമിക്കുന്നതാണ്. ടാറ്റാ ടെലഫോൺ കമ്പനിയുടെ പ്രശ്നം മാനേജുമെന്റുമായി ചർച്ച ചെയ്തു. ഇപ്പോൾ രാജ്യത്താകെ ടെക്നോളജിയിലുണ്ടയ പുരോഗതികൊണ്ടും പല ഫീച്ചറുകളുമുള്ള ടെലഫോണുകൾ മാർക്കറ്റിൽ സുലഭമായതു കൊണ്ടും ടാറ്റാ കമ്പനി ഉല്പാദിപ്പിക്കുന്ന ടെലഫോൺ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയുന്നില്ല . കമ്പനിയുടെ ഉല്പാദനം ഡൈവേർസിഫൈ ചെയ്യാനും കഴിയില്ല എന്നുള്ള കോംപ്ളിക്കേറ്റഡ് ആയ പ്രശ്നമാണ് അവിടെ നിലനില്ക്കുന്നത്. എന്തായാലും ആ സ്ഥാപനം അടച്ചുപൂട്ടരുതെന്ന് സർക്കാർ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. മദ്രാസ് സ്പിന്നിംഗ് മില്ലും പ്രശ്നങ്ങൾ കാരണം ബി.ഐ.എഫ്. ആർ–ന്റെ പരിധിയിലായിരിക്കുന്ന ഒരു കമ്പനിയാണ്. കഞ്ചിക്കോട് മേഖലയിൽ ഒരുപാട് പുതിയ വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ടീ–ടെക്സ് കമ്പനി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തുറപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ആ ശ്രമം വിജയിച്ചില്ല. ഇപ്പോൾ തൊഴിലാളി യൂണിയനുകളും മറ്റും സഹകരിക്കുന്നുണ്ടെങ്കിലും വലിയ നഷ്ടത്തെത്തുടർന്ന് പൂട്ടിയ ആ സ്ഥാപനം ഇന്നും പൂട്ടിക്കിടക്കുകയാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നിലവിലുള്ള വ്യവസായങ്ങൾ നിലനിറുത്താനും ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.. കഞ്ചിക്കോടിനെ ഒരു വ്യവസായമേഖലയായി നിലനിറുത്താൻ അവിടത്തെ ജനപ്രതിനിധികളും ട്രേഡ് യൂണിയനുകളും സഹകരിക്കുന്നതിനാൽ ജില്ലാകളക്ടറോടും വ്യവസായവകുപ്പ് ഡയറക്ടറോടും ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിടെ പൊല്യൂഷൻ പ്രശ്നമുണ്ടായത് ചർച്ചയിലൂടെ പരിഹരിച്ചു. വ്യവസായമേഖലയുടെ

ഫാക്ടറിയുടെ നിലനില്പിന് കേരള ഗവണ്മെന്റിന് സ്വീകരിക്കാൻ കഴിയുന്ന നടപടികളെ സംബന്ധിച്ച് ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. മലബാർ സിമന്റ്സ് ഇപ്പോൾ ലാഭത്തിലായി വരികയാണ്. ചിറ്റൂർ ഷുഗർ മിൽസ് എക്സൈസ് വകുപ്പ് ഏറ്റെടുക്കണമെന്നാണ് വ്യവസായവകുപ്പിന്റെ നിലപാട്.

## (2) <u>പഠന-തൊഴിൽ മേഖലകളിൽ മാതൃഭാഷയ്ക്ക് അവസരസമത്വം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. കെ. മോഹൻകുമാർ</u>** : മലയാളഭാഷ ഇന്ന് പ്രതിസന്ധിയിലാണ്. മാതൃഭാഷയിൽ പഠനം നടത്തുന്നവരുടേയും മാതൃഭാഷ ഐച്ഛികവിഷയമായി എടുത്ത് വിദ്യാഭ്യാസം നടത്തുന്നവരുടേയും എണ്ണം കുറഞ്ഞുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾ അവർക്ക് അപ്രാപ്യമായിത്തീരുന്നു. പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾ മാതൃഭാഷാപഠനത്തെ അവഗണിക്കുന്നു. പല രംഗങ്ങളിലും ഓദ്യോഗികഭാഷയായി മലയാളത്തെ അംഗീകരിച്ചിട്ടുണ്ടെങ്കിലും മലയാളഭാഷ അവഗണിക്കപ്പെട്ടുകിടക്കുകയാണ്. എല്ലാ ഔദ്യോഗികരംഗങ്ങളിലും ഇംഗ്ളീഷാണ് ഔദ്യോഗികഭാഷയായി ഇപ്പോഴും തുടരുന്നത്. 1956 – ൽ ഭാഷാ സംസ്ഥാനങ്ങളുണ്ടായതു മുതൽ മറ്റു ഭാഷകൾ മുന്നേറിയപ്പോൾ മലയാളത്തിന്റെ സ്ഥിതി എന്തായി എന്നു നാം ആലോചിക്കേണ്ടതാണ്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയശേഷവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും മറ്റും സമർപ്പിക്കപ്പെടുന്ന ബില്ലുകളും കണക്കുകളും ഇംഗ്ളീഷിലാണ്. കേരളത്തിൽ അല്ലെങ്കിൽ എവിടെയാണ് മലയാളഭാഷ സംരക്ഷിക്കപ്പെടുക എന്നത് നാം ആലോചിക്കേണ്ടതാണ്. അഞ്ചു വർഷത്തിനുള്ളിൽ എല്ലാ വകുപ്പുകളിലും ഔദ്യോഗികഭാഷ മലയാളമാക്കുമെന്ന 1977–ലെ പ്രഖ്യാപനം പാലിക്കപ്പെടണം. ഈ കംപ്യൂട്ടർ യുഗത്തിൽ ഭാഷയും കാലോചിതമായി പരിഷ്ക്കരിക്കപ്പെടണം. ഉച്ചാരണത്തിന്റെ വൈകല്യങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** <u>(ശ്രീ. എം. എം. ഹസ്സൻ)</u> : മലയാള ഭാഷ നേരിടുന്ന പ്രതിസന്ധികളാണ് ഇവിടെ പ്രതിപാദിക്കപ്പെട്ടത്. ഭാഷ എന്നുപറയുന്നത് ആശയത്തിന്റെ വാഹനമാണ്. ആശയം പ്രതിഫലിപ്പിക്കുന്നതിന് പ്രയോജനപ്രദമായ ഉപകരണം ഭാഷയാണ്. ഭാഷാപരമായ കാര്യത്തിൽ കേരളം ഒരു മാതൃകാസംസ്ഥാനമായി നിലകൊള്ളുകയാണ്. മലയാള ഭാഷ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ മാദ്ധ്യമങ്ങൾ മൽസരബുദ്ധിയോടുകൂടി മുന്നേറുകയാണ്. കേരളത്തിൽ വിവിധ ഭാഷകൾ അദ്ധ്യയന മാദ്ധ്യമങ്ങളായുള്ള സ്ക്കൂളുകളിൽ 4–ാം ക്ളാസ് വരെ നിർബന്ധമായും മലയാളം പഠിപ്പിക്കണമെന്ന ഒരു ആശയം ഉയർന്നുവരികയും, ഈ കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് മലയാളഭാഷയുടെ നിലനിൽപ്പിനും വികാസത്തിനും അത്യന്താപേക്ഷിതമായ ഘടകമാണ്. ഭരണഭാഷ മലയാളം ആയിരിക്കണമെന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 1969–ൽ പാസാക്കിയ കേരള ഔദ്യോഗിക ഭാഷാ ആക്ടുപ്രകാരം ഇതിനകം 67 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ പ്രധാന വകുപ്പുകളിലും മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ആറ് വകുപ്പുകളിൽ ഭാഷാ മാറ്റത്തിന്റെ പുരോഗതി പൂർണ്ണമാക്കുന്ന തീവ്രയത്ന പരിപാടിയുടെ അവസാന സ്റ്റേജിലാണ്. 1999 ആഗസ്റ്റ് മാസത്തിൽ തിരുവനന്തപുരത്ത് ഐ. എം. ജി.യിൽ ആരംഭിച്ച ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി വിജയകരമായി നടന്നുവരുന്നു. അത് മറ്റു കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിച്ചുകഴിഞ്ഞു. 2002 മുതൽ നവംപർ 1 മലയാള ദിനമായും നവംപർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഭരണരംഗത്തെ ഭാഷാ മാറ്റം ത്വരിതപ്പെടുത്തുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി ഒരു നിയമസഭാ സമിതി രൂപീകരിക്കുന്ന കാര്യം ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഹൈക്കോടതിയുടെ കീഴിൽ എല്ലാ കോടതികളിലും കേസ് വിസ്താരവും വിധി പ്രഖ്യാപനവും മലയാളത്തിലാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് തലത്തിൽ മലയാളത്തിൽ ഏറ്റവും കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്ന ക്ളാസ്– 3 വിഭാഗത്തിൽപ്പെടുന്ന ഒരു ഉദ്യോഗസ്ഥന് സത് സേവനരേഖ നൽകുന്ന കാര്യവും

സർവ്വീസ് കമ്മിഷൻ നടത്തുന്ന എല്ലാ എഴുത്തുപരീക്ഷകളിലും നിർബന്ധമായും ഒരു പേപ്പർ മലയാളത്തിലായിരിക്കണമെന്ന് വ്യവസ്ഥചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷാ മാറ്റത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിനും ഔദ്യോഗികഭാഷാ ഉന്നതതല സമിതിയും സംസ്ഥാനതല സമിതിയും ജില്ലാ–താലൂക്കുതല സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. മൂന്നു വർഷത്തിനകം ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കണം എന്ന കാര്യത്തിൽ ഗവൺമെന്റിന് നിശ്ചയദാർഢ്യമുണ്ട്. മലയാള ഭാഷയുടെ വികാസത്തിനും പുരോഗതിക്കും വേണ്ടി സാംസ്ക്കാരിക വകുപ്പ് വിവിധ സ്ഥാപനങ്ങളിലൂടെ വിലപ്പെട്ട സേവനങ്ങൾ നൽകുന്നുണ്ട്. മലയാള ഭാഷ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്നതെല്ലാം ചെയ്യുന്നതാണ്. ഔദ്യോഗിക ഭാഷാ വകുപ്പിനെ മലയാള ഭാഷാ വികസനവകുപ്പായി പുനർ നാമകരണം ചെയ്യുന്നതുസംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**<u>മി. സ്പീക്കർ</u>**: ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് പരിശോധിക്കാനുള്ള ഒരു നിയമസഭാ സമിതി ഈ നിയമസഭയുടെ കാലയളവിൽ തന്നെ രൂപീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>എസ്.എ.ടി. ആശുപത്രിയിൽ നിന്നും പിഞ്ചുകുഞ്ഞിനെ തട്ടിക്കൊണ്ടുപോയ സംഭവം</u>

**<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>** : തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പ്രസവിച്ചുകിടന്ന അനുരാധ എന്ന സ്ത്രീയുടെ രണ്ടോ മൂന്നോ ദിവസം പ്രായമായ കുഞ്ഞിനെ ആ ആശുപത്രിയലെതന്നെ അറ്റന്ററായ ജോസ് എന്ന ആളിന്റെ സഹായത്തോടുകൂടി ബിന്ദു എന്ന സ്ത്രീ തട്ടിക്കൊണ്ടുപോയി. ജോസ് ഇപ്പോൾ ചിറയിൻകീഴ് ആശുപത്രിയിലേക്ക് സ്ഥലം മാറ്റം വാങ്ങിച്ചിരിക്കുകയാണ്. അയാളുടെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല..

സ്വീകരിക്കുന്നതോടൊപ്പം ജോസിന്റെ പേരിൽ അന്വേഷണം നടത്തി ശിക്ഷാനടപടി സ്വീകരിക്കുകയും വേണം.

**മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി):** അത്യന്തം ദുഖകരമായ ഈ സംഭവത്തിന്റെ എല്ലാ ഗൗരവവും ഉൾക്കൊണ്ടുകൊണ്ട് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. എറണാകുളം കളമശ്ശേരി ഇടപ്പള്ളി ബൈപ്പാസിനടുത്ത് റോഡരികിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു ആൺകുഞ്ഞിനെ കണ്ടെത്തുകയുണ്ടായി. അത് എസ്.എ.ടി ആശുപത്രിയിൽ നിന്നും കാണാതായ കുഞ്ഞാണോയെന്നറിയാൻ ഡി.എൻ.എ ടെസ്റ്റ് നടത്താനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ആ കുഞ്ഞ് എറണാകുളം ശിശുക്ഷേമ സമിതിയുടെ സംരക്ഷണ യിലാണ്. കേസിനെ സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ്സ് അന്വേഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

## (2) പേരാവൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ ഹയർസെക്കന്ററി സ്കൂളിലെ 9-ാം ക്ളാസ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം

**പ്രൊഫ: എ.ഡി.മുസ്തഫ** : 29.10.2002-ൽ മട്ടന്നൂർ ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകനായ മധുസൂദനൻ അതേ സ്കൂളിലെ 9-ാം ക്ളാസ് വിദ്യാർത്ഥിനിയായ,. സഫീറ എന്ന കുട്ടിയെ ക്ളാസ് മുറിയിൽ കൊണ്ടുപോയി ബലാൽസംഗം ചെയ്യാൻ ശ്രമിച്ചതിനെത്തുടർന്ന് മാനഹാനി ഭയന്ന് ആ കുട്ടി ആത്മഹത്യയ്ക്കു ശ്രമിച്ചതിനെത്തുടർന്ന് ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാക്കുകയും ചെയ്തു. ഐ.പി.സി.യിലെ outrage the modesty of woman എന്ന ദുർബലമായ 354-ാം വകുപ്പ് അനുസരിച്ചാണ് ആ അദ്ധ്യാപകനെതിരെ കേസ് എടുത്തിരിക്കുന്നത് ഇക്കാര്യത്തിൽ പോലീസ് വളരെ ലാഘവബുദ്ധിയോടുകൂടിയാണ് പെരുമാറുന്നത്. ആ അദ്ധ്യാപകനെതിരെ റേപ്പിന് കേസ് എടുത്ത് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം. കുട്ടിയെ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചതിന് ഒരു കേസ് നിലനിൽക്കുകയാണ്.

**മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി):** വളരെ ഹീനമായ നടപടിയാണ് ആ അദ്ധ്യാപകന്റെ ഭാഗത്തുനിന്ന് ഉണ്ടായത്. 9-ാം ക്ളാസ് വിദ്യാർത്ഥിനിയായ സഫീറയെ മധുസൂദനൻ എന്ന അദ്ധ്യാപകൻ മാനഭംഗപ്പെടുത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി.342, 354 എന്നീ വകുപ്പുകൾ പ്രകാരം കേസ് എടുത്ത് 14.1.2003-ന് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്

(3) ചെത്ത്-മദ്യതൊഴിലാളികളുടെ തൊഴിൽ സ്ഥിരതയും ഏകീകൃത കൂലി വ്യവസ്ഥയും

**ശ്രീ. കെ.പി. രാജേന്ദ്രൻ:** കേരളത്തിലെ കള്ള് ചെത്ത്-മദ്യ വ്യവസായ മേഖലയിലെ സംഘടനാ പ്രതിനിധികളേയും ട്രേഡ് യൂണിയൻ നേതാക്കളേയും വിളിച്ചു ചർച്ചചെയ്ത ശേഷം ഏപ്രിൽ ഒന്നു മുതൽ കള്ള് വ്യവസായം സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന വിധത്തിൽ ഈ വർഷത്തെ മദ്യനയം ആവിഷ്ക്കരിക്കണം. അടച്ചുപൂട്ടിയ ഷാപ്പുകൾ പുനഃസ്ഥാപിച്ചുകൊണ്ട് തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്താനും വ്യവസായത്തെ സംരക്ഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ)** 2003-2004 -ലെ മദ്യനയം ഉടൻ തീരുമാനിക്കുന്നതാണ്. അതിന് മുമ്പ് തൊഴിലാളി പ്രതിനിധികളുമായും ഷാപ്പുടമകളുമായും ചെത്തുതൊഴിലാളികളുമായും മദ്യനിരോധന സമിതികളുമായും ചർച്ച ചെയ്യുന്നതാണ്. മദ്യനയം രൂപീകരിക്കാൻ എല്ലാവരുടേയും സഹകരണം ആവശ്യമാണ്.

(4) കുമാരനല്ലൂർ- കാരിത്താസ് റെയിൽവേ ലെവൽക്രോസ്സുകളിൽ റയിൽവൈ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കണമെന്ന ആവശ്യം

**ശ്രീ തോമസ് ചാഴികാടൻ:** ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കുമാരനല്ലൂർ-കാരിത്താസ് എന്നീ റെയിൽവേ ലെവൽക്രോസ്സുകളിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന് റോഡ് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

**ഗതാഗതത വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേശ്കുമാർ):</u>** കുമാരനല്ലൂർ–കാരിത്താസ് എന്നീ ലെവൽ ക്രോസ്സുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുമരാമത്തുവകുപ്പു പരിശോധിക്കുകയും ട്രെയിൻ/വെഹിക്കിൾ യൂണിറ്റ് ഒരു ലക്ഷത്തിലധികം വരുന്ന കുമാരനല്ലൂർ ലെവൽക്രോസ്സിൽ കോസ്റ്റ് ഷെയറിംഗ് വ്യവസ്ഥയിൽ മേൽപ്പാലം പണിയുന്നതിനുള്ള ശുപാർശ റെയിൽവേയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാരിത്താസ് ലെവൽക്രോസ്സിൽ കൂടിയുള്ള വാഹന ഗതാഗത നിരക്ക് ഒരു ലക്ഷം കവിയുന്ന മുറയ്ക്ക് മേൽപ്പാലം പണിയുന്നതിനുള്ള ശുപാർശ റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(5) വട<u>കര പഴങ്കാവിലെ പ്രമോദ് എന്ന ആളിനെ കുത്തി പരിക്കേൽപിച്ച സംഭവം</u>

**<u>ശ്രീ. സി.കെ. നാണു:</u>** വടകര പഴങ്കാവിൽ പ്രമോദ് എന്ന ആളിനു നേരെ നടന്ന ആക്രമണം പോലുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിനും ഈ സംഭവത്തിൽ ഉൾപ്പെട്ട കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണം.

**മുഖ്യമന്ത്രി <u>(എ.കെ.ആന്റണി):</u>** പ്രസ്തുത കേസ്സിന്റെ അന്വേഷണം ഊർജ്ജിതമാക്കി മുൻകൂർ ജാമ്യമെടുത്തിട്ടുള്ള പ്രതികളെ അറസ്റ്റു ചെയ്ത് ശിക്ഷിക്കാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

(6) <u>അടച്ചുപൂട്ടപ്പെട്ട സ്കൂളുകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ പുനർ നിയമനം</u>

**<u>ശ്രീ. ടി.യു. രാധാകൃഷ്ണൻ :</u>** കേരളത്തിൽ പ്രൊട്ടക്ഷന് അർഹതയുള്ള അദ്ധ്യാപകർക്ക് പുനർ നിയമനം ലഭിക്കാത്തതിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ.നാലകത്തു സൂപ്പി)</u>** : റീഡിപ്ളോയ്മെന്റിന്റെ

വരാത്ത ലാംഗ്വേജ് ടീച്ചേഴ്സിന്റെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനും പുനർ നിയമനം പൂർത്തിയാക്കുന്നതുവരെ ശമ്പളം കൊടുക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. പ്രൈമറി അദ്ധ്യാപകരെപ്പോലെ ജൂനിയർ ഭാഷാ അദ്ധ്യാപകരേയും പത്തു ഡിവിഷനിൽ കൂടുതലുള്ള എൽ.പി./യു.പി. സ്കൂളുകളിൽ നിയമിക്കാനും പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിൽ ലാംഗ്വേജ് ടീച്ചേഴ്സിനെ അവരുടെ ശമ്പളം സംരക്ഷിച്ചുകൊണ്ട് ഫുൾടൈം ജൂനിയർ ഭാഷാദ്ധ്യാപകരായി നിയമിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. അടച്ചു പൂട്ടിയ സ്ക്കൂളുകളിലേതടക്കമുള്ള പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനും നിയമനം ലഭിക്കുന്നതാണ്.

## റിപ്പോർട്ടുസമർപ്പണം

കാര്യോപദേശകസമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 15-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### പ്രമേയങ്ങൾ

(1) പിന്നോക്ക വിഭാഗങ്ങൾക്ക് നിയമാനുസൃതമുള്ള സംവരണം

(12-7-2002-ൽ ശ്രീ.ടി.യു. രാധാകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിന്റെ തുടർച്ച)

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:** പ്രമേയത്തെ പിന്താങ്ങുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികൾ അടക്കമുള്ള സ്ഥാപനങ്ങളിലും സംവരണ തത്വങ്ങൾക്കനുസൃതമായ സംവരണം പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല. നമ്മുടെ

സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ‍പിന്നോക്കക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കർശന നടപടി സ്വീകരിക്കണം. 20 യൂണിറ്റ് എന്നുള്ള പി.എസ്.സി. ചട്ടങ്ങളിലെ നിബന്ധന കാരണമാണ് 50 ശതമാനം എന്ന അർഹതപ്പെട്ട സംവരണാനുകൂല്യം ലഭിക്കാത്തത്. അതുകൊണ്ട് സർവ്വീസ് ചട്ടങ്ങളിൽ മാറ്റം വരുത്തണം. സാമൂഹ്യനീതി നടപ്പാക്കുമ്പോൾ ഇന്ന് ജുഡീഷറിയിൽ പോലും അർഹമായ പ്രാതിനിധ്യം പല സമൂഹങ്ങൾക്കും ലഭിക്കുന്നില്ല. . കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം പിന്നോക്ക സമുദായത്തിന് ഈയിടെയാണ് ഒരു ജഡ്ജിയുടെ പദവി ലഭിച്ചത്. ഗവൺമെന്റ് അടിയന്തിരമായി പി.എസ്.സി.യുമായി ചർച്ച നടത്തി അവരെക്കൊണ്ടുകൂടി അംഗീകരിപ്പിച്ചുകൊണ്ട് ചട്ടങ്ങളിൽ മാറ്റം വരുത്തി ബാക്ക്ലോഗ് നികത്തണം. . ഭരണഘടന ഉറപ്പു നല്കിയിട്ടുള്ള 50 ശതമാനം സംവരണാനുകൂല്യം യൂണിവേഴ്സിറ്റികളിലും സർക്കാർ സർവ്വീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പാക്കണം.

**ശ്രീ. ടി. കെ. ദേവകുമാർ** : പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയം പാസ്സാക്കാൻ കൂടി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരള സംസ്ഥാനത്ത് നിലനില്ക്കുന്ന സാമുദായിക സംവരണം ഒരു പുതിയ വെല്ലുവിളിയെ നേരിട്ടുക്കൊണ്ടിരിക്കുകയാണ്. ഇത് കേവലം ജോലി കിട്ടുന്നതിനുവേണ്ടി മാത്രമുള്ളതല്ല. പുതിയ തൊഴിൽ നയവും ഐ.ടി. നയവും പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ സ്വകാര്യനിക്ഷേപം വർദ്ധിപ്പിച്ച് 45 ലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങൾ നല്കാൻ വേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലൂടെ ഉണ്ടാകാൻ പോകുന്ന പുതിയ തൊഴിലവസരങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്ന സംവരണത്തിന്റെ സമീപനം വ്യക്തമാക്കണം. സാമൂഹ്യ സമത്വത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള പുതിയ സാഹചര്യം ഇന്ന് നിലനിൽക്കുന്ന സാമുദായിക സംവരണത്തെ അട്ടിമറിക്കാൻ ഇടവരുത്തുമെന്നുള്ളതുകൊണ്ട് സാമൂഹ്യതുല്യതയ്ക്കു വേണ്ടിയുള്ള അവസരം സംരക്ഷിക്കപ്പെടണം. സ്വകാര്യ മേഖലയിൽ കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ സാമുദായിക സംവരണം നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്താനുള്ള

പാലിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കണം. സാമൂഹ്യസമത്വം നിലനിറുത്തുന്ന കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. കേരളത്തിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനു തന്നെയാണ്. ഇക്കാര്യത്തിൽ വീഴ്ചകളുണ്ടായാൽ അത് പുന:സ്ഥാപിക്കാനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിന് കേരള നിയമസഭയ്ക്ക് കഴിയണം. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം.

__ശ്രീ. തോമസ് ഉണ്ണിയാടൻ:__ പ്രമേയത്തെ പിന്താങ്ങുന്നു. ഭരണഘടനയനുസരിച്ച് നൽകപ്പെട്ടിട്ടുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് കോടതിയിൽ പോകേണ്ടിവരുന്ന അവസ്ഥ ദു:ഖകരമാണ്. ഈ ദുരവസ്ഥ പരിഹരിച്ചുകൊണ്ട് സാമുഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ഗൗരവമായിത്തന്നെ സർക്കാർ ഏറ്റെടുക്കണം.

__ശ്രീ.കെ.കെ. ഷാജു__: പ്രമേയത്തെ പിന്താങ്ങുന്നു. തൊഴിലില്ലായ്മയും സംവരണ പ്രശ്നവും തമ്മിൽ കൂട്ടിക്കുഴച്ച് വിവാദങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കണം. കേരള സർവ്വകലാശാല ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ സർവ്വകലാശാലകളും സംവരണതത്വം ലംഘിച്ചിരിക്കുകയാണ്. ഭരണഘടനാപരമായി പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള നിയമാനുസൃത സംവരണം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും നടപ്പിലാക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. സ്വാശ്രയ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്തണം. ഇന്ന് പല സ്ഥാപനങ്ങളിലും പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.

__ശ്രീ. ബിനോയ് വിശ്വം__: പ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. പി.കെ.കെ. ബാവയുടെ രണ്ടാമത്തെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായങ്ങൾക്ക് അർഹതപ്പെട്ടതിൽ കുറവായേ സംവരണാനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതായാണ്. ഈ കുറവ് നികത്തുന്നതിനായി

സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും ആവശ്യമുന്നയിച്ചിരിക്കുന്നു. അതിനെക്കുറിച്ചുള്ള കോൺഗ്രസ്സിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കണം. സമൂഹത്തിൽ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടനാപരമായി അനുവദിച്ചിട്ടുള്ള സംവരണം കർശനമായി പാലിക്കണം.

**<u>ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ)</u>**: സംസ്ഥാന സർക്കാർ സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റി കളിലും പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള നിയമാനുസൃത സംവരണം കർശനമായി പാലിക്കുന്നതിനാവശ്യമായ എല്ലാ സത്വര നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. ശ്രീ. ബിനോയ് വിശ്വം സംസാരിച്ചത് സഭയുടെ മുമ്പാകെയുള്ള പ്രമേയത്തെ ആധാരമാക്കിയല്ല. സംവരണ തത്വം എന്നത് ഒരു പകലും രാത്രിയുംകൊണ്ട് ഉണ്ടായതല്ല. പോരാട്ടങ്ങളിലൂടെ നേടിയെടുത്ത പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ഉദ്യോഗ സംവരണം കർശനമായും പാലിക്കണമെന്നതാണ് പ്രമേയത്തിന്റെ ഉള്ളടക്കം. കേരളത്തിൽ സർക്കാർ വകുപ്പുകളിലും നീതിന്യായ വകുപ്പിലും കൂടി 3,25,554 ജീവനക്കാരും പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ എല്ലാംകൂടി 5,50,000 ജീവനക്കാരുമുണ്ട്. 45 ലക്ഷത്തോളം അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള ഈ സംസ്ഥാനത്തിൽ തൊഴിലുമായി ബന്ധപ്പെടുത്തി സംവരണത്തെക്കുറിച്ച് ചർച്ച ചെയ്താൽ യഥാർത്ഥ ചിത്രം ലഭ്യമാവുകയില്ല. ഭരണഘടനാപരമായുള്ള സംവരണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് പിന്നോക്ക സമുദായങ്ങൾക്ക് പരാതിയുണ്ട്. കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ്സ് റൂൾസിലെ പാർട്ട് – II, 14 മുതൽ 17 വരെയുള്ള വകുപ്പുകൾ ബാധകമാക്കിയാണ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള ജാതി സംവരണ തത്വങ്ങൾ നിയമന രംഗത്ത് പാലിക്കപ്പെടുന്നത്. സംസ്ഥാന സർക്കാർ സർവ്വീസിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും നിലവിലുള്ള കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ്, പാർട്ട്–IIലെ 14 മുതൽ 17 വരെയുള്ള ജാതി സംവരണ നിയമങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തുന്നത്. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും പൊതുമേഖലാസ്ഥാപനങ്ങളിലേയും

ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്ളാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് 24-7-1999-ൽ പുറപ്പെടുവിച്ച സർക്കുലറിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഇതിനനുസരിച്ച് ഭേദഗതി ചെയ്യണമെന്ന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടിവുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം ഭേദഗതി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ വരുത്താൻ ചീഫ് എക്സിക്യൂട്ടിവുമാർക്ക് നിർദ്ദേശം നൽകിയത്. മാത്രമല്ല. സർക്കാർ സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും യൂണിവേഴിസിറ്റികളിലും പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള നിയമാനുസൃത സംവരണം പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം നടപ്പാക്കുന്നതിൽ ചില വീഴ്ചകൾ വന്നിട്ടുള്ളതായി നിയമസഭാ കമ്മിറ്റിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.. അതാത് സമയത്തുതന്നെ ഈ നിർദ്ദേശങ്ങൾ പാലിക്കണമെന്നും വീഴ്ചകൾ തിരുത്തണമെന്നും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പഠനം നരേന്ദ്രൻ കമ്മീഷൻ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം വിവിധ വകുപ്പു തലവന്മാരേയും പൊതുമേഖലാ സ്ഥാപനങ്ങളേയും യൂണിവേഴ്സിറ്റികളേയും കാലാകാലങ്ങളിൽ അറിയിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻവേണ്ട കർശനമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. ടി.യു. രാധാകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്ന പ്രശ്നം. 23-നെതിരെ 48 വോട്ടുകളോടെ സഭ അംഗീകരിച്ചു.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(2) <u>നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന ആവശ്യം</u>

**<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>** : (ശ്രീ. പി.കെ.കെ. ബാവ അധികാരപ്പെടുത്തിയതനുസരിച്ച്) താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"പിന്നോക്ക സമുദായങ്ങൾക്കു സർക്കാർ സർവ്വീസിൽ അനുവദിച്ചിട്ടുള്ള സംവരണാനുകൂല്യം അനുസരിച്ച് ലഭിച്ചിട്ടുള്ള നിയമനങ്ങൾ അർഹതപ്പെട്ടതിനേക്കാൾ വളരെ കുറവാണെന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ കുറവ് നികത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും ആയതിന് സമയ പരിധി നിശ്ചയിച്ച് നടപടി പൂർത്തീകരിക്കണമെന്നും ഈ നടപടി സഹകരണ മേഖല, എയിഡഡ് സ്ക്കൂളുകൾ, സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങൾക്കും ബാധകമാക്കണമെന്നും ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു."

**<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u>** : പ്രമേയത്തെ പിൻതാങ്ങുന്നു.

**<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>** : സംവരണ പ്രശ്നത്തിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ഭരണ-പ്രതിപക്ഷം ശ്രമിക്കരുത്. പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ഒരു ജീവൻമരണ പ്രശ്നംതന്നെയാണ്. ഈ വിഷയം സജീവമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ചർച്ച ചെയ്യപ്പെടണമെന്നുള്ളതുകൊണ്ടാണ് സഭയിൽ ഇത് അവതരിപ്പിച്ചത്. സാങ്കേതിക വൈതരണികളും നിയമപരമായ സങ്കീർണ്ണതകളും മറികടന്നുകൊണ്ട് പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം സർക്കാർ സർവ്വീസിലും മറ്റും നടപ്പിലാക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. ഇതുസംബന്ധിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒന്നരവർഷം കഴിഞ്ഞുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നത് ഖേദകരമാണ്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും സംവരണതത്വം പാലിക്കാനുള്ള നിയമപരമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ പിന്നോക്ക സമുദായങ്ങൾ ആശങ്കയിലാണ്. പിന്നോക്ക സമുദായങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട മറ്റു കമ്മീഷൻ റിപ്പോർട്ടുകളെപ്പോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും വിസ്മൃതിയിലാകുമോയെന്ന് സംശയിക്കുകയാണ്. സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്ക് നിലവിലുള്ള സംവരണ വ്യവസ്ഥപ്രകാരം ലഭിക്കേണ്ട നിയമനങ്ങളിലുള്ള കുറവ് ഗണ്യമാണ്. അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല. പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണത്തിലുണ്ടായിട്ടുള്ള ബാക്ക് ലോഗ് നികത്താനും കാലാകാലങ്ങളിൽ

അർഹമായ സംവരണം ലഭ്യമാക്കാനും നടപടിയുണ്ടാകണം. നിയമനങ്ങളിൽ പിന്നോക്കക്കാർക്ക് ലഭിക്കേണ്ട അവസരങ്ങൾ ബോധപൂർവം നൽകാതിരുന്നവർക്ക് എതിരെ അർഹമായ ശിക്ഷ നൽകാൻ ഗവണ്മെന്റ് തയ്യാറാകണം. നരേന്ദ്രൻ കമ്മിഷൻ ചൂണ്ടിക്കാണിച്ച പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം. എയിഡഡ് സ്കൂളുകളിലും ബാങ്കുകളിലും നടത്തുന്ന നിയമനങ്ങളിലും ഇതേ രീതിയിൽ സംവരണം ഏർപ്പെടുത്തണം. സർക്കാർ നിയമനങ്ങളിൽ പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവരുടെ ബാക്ക് ലോഗ് നികത്തുമെന്ന ഐക്യജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിലെ പ്രഖ്യാപനം നടപ്പാക്കണം.

<u>**ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ**</u> : പ്രമേയത്തെ അനുകൂലിക്കുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ട, സാമൂഹ്യനീതി നിഷേധിക്കപ്പെട്ട ജനങ്ങളുടെ വികാരമാണ് ഇവിടെ ഈ പ്രമേയത്തിലൂടെ രേഖപ്പെടുത്തുന്നത്. സംവരണ തത്വം പാലിക്കപ്പെടാനുള്ള സമവായ മുണ്ടാക്കാൻ സമയബന്ധിതമായി നടപടിയെടുക്കണം. അർഹതപ്പെട്ട നിയമനങ്ങൾ ലഭിക്കുകയെന്നത് പിന്നോക്ക ജനവിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ്. സംവരണാനുകൂല്യങ്ങൾ നൽകുന്നതിലുണ്ടായിട്ടുള്ള കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുമെന്ന യു. ഡി. എഫിന്റെ പ്രകടന പത്രികയിലെ വാഗ്ദാനം പാലിക്കപ്പെടണം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും പിന്നോക്ക ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ പിന്നോക്ക വിഭാഗത്തിന്റെ ബാക്ക് ലോഗ് നികത്തണമെന്ന് ലെജിസ്ലേറ്റീവ് കമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവണ്മെന്റ് മുന്നോട്ട് വരണം. .സർക്കാരിന്റെ ഖജനാവിൽനിന്നും ശമ്പളം കൊടുക്കുന്ന സ്വകാര്യ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ സംവരണ തത്വം പാലിക്കാൻ കർശന നടപടിയെടുക്കണം. നീതി നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകണം.

<u>**ശ്രീ.കെ.കെ.ജയചന്ദ്രൻ**</u> പ്രമേയത്തെ പിൻതാങ്ങുന്നു. സംവരണം അർഹതപ്പെട്ടവർക്ക്

ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ്. കേരളത്തിൽ പിന്നോക്ക വിഭാഗക്കാർക്ക് സർക്കാർ നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. ഇതു സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാൻ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിൻതുണയുണ്ടാകും. ഗവണ്മെന്റ് തസ്തികകളിൽ പ്രധാനപ്പെട്ട ഒരു തസ്തിക മാത്രം ഒഴിവ് വന്നിട്ടുണ്ടെങ്കിൽ അതിന് സംവരണം ബാധകമല്ല എന്ന സുപ്രീം കോടതി വിധിയുടെ മറവിൽ എത്ര ഒഴിവുകളുണ്ടെങ്കിലും ഒരു ഒഴിവ് മാത്രം റിപ്പോർട്ട് ചെയ്യുന്ന സംപ്രദായത്തിലൂടെ പിന്നോക്കക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യം നഷ്ടപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കണം. സ്ക്കൂളുകളും കോളേജുകളും അനുവദിക്കുംപോൾ 50 ശതമാനം മെറിറ്റും 50 ശതമാനം മാനേജുമെന്റ് ക്വാട്ടയും വരുംപോൾ പിന്നോക്കക്കാരന്റെ പ്രാതിനിധ്യം 50 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറയുകയാണ്. സുപ്രീം കോടതി വിധിയെത്തുടർന്ന് പിന്നോക്കക്കാർക്കുള്ള സംവരണം നിഷേധിക്കപ്പെടുകയാണ്. അതുകൊണ്ടാണ് സ്വകാര്യസ്ഥാപന ങ്ങളിലെ നിയമനങ്ങളിൽ ക്കൂടി സംവരണമേർപ്പെടുത്താൻ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്നത്. സ്വകാര്യവൽക്കരണത്തിലൂടെ സംവരണ സംവിധാനംതന്നെ കേരളത്തിൽ അവസാനിക്കാൻ പോകുകയാണ്. കേരളത്തിലെ കാർഷിക മേഖലയെ ഉത്തേജിപ്പിക്കാനും പരംപരാഗത മേഖലയെ പരിപോഷിപ്പിക്കാനും കഴിയുന്നവിധത്തിലുള്ള ഒരു പദ്ധതിപോലും ജിം–ലൂടെ കൊണ്ടുവന്നിട്ടില്ല. ആ നിലയിൽ വരുംപോൾ നിലവിലുള്ള സംവരണ സംവിധാനത്തിൽ നിന്നും പുറത്തുപോകുന്നതിനുള്ള സാദ്ധ്യതകൾ സംജാതമാകുകയും പരംപരാഗത മേഖലയിൽ പണിയെടുക്കുന്നവരുടെ തൊഴിലവസരങ്ങൾ കുറയുകയും ചെയ്യും. ഇവിടെ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തോട് പൂർണ്ണമായും യോജിക്കുകയാണ്.

<u>**ശ്രീ. എ. സുജനപാൽ**</u>: പ്രമേയത്തെ അനുകൂലിക്കുന്നു. ഭരണഘടനാപരമായി പിന്നോക്ക സമുദായങ്ങൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യമാണ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽനിന്ന് മനസ്സിലാകുന്നത്. അത് കേരളത്തെ പ്പോലുള്ള ഒരു സംസ്ഥാനത്തിന് ഭൂഷണമല്ല. അതുകൊണ്ട് പിന്നോക്കജനവിഭാഗങ്ങൾക്ക്

സ്വീകരിക്കണം. നിഷേധിക്കപ്പെട്ട 18,000–ത്തോളം തസ്തികകൾ നിലനിർത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം എന്നുള്ളതിനോട് പൂർണ്ണമായും യോജിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സാമുദായിക സംവരണത്തിന്റെ കാര്യത്തിൽ എടുത്തിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കണം.

**<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u>** പ്രമേയത്തെ പിന്താങ്ങുന്നു. ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്യാനോ അതിനെത്തുടർന്നുള്ള നടപടികളെടുക്കാനോ ഒന്നും ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ല. എ.ഡി.ബി. കരാറിനെത്തുടർന്ന് നിലവിലുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കുക മാത്രമല്ല, പബ്ളിക്ക് സെക്ടറിലെ തസ്തികകൾ അവസാനിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും പിന്നോക്ക വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടുന്നതിനുള്ള സാദ്ധ്യത കുറഞ്ഞുവരികയാണ്. ജിം–ൽ ഒപ്പുവച്ച വ്യവസായ സ്ഥാപനങ്ങളിലും പിന്നോക്കക്കാർക്ക് ജോലി കിട്ടുന്നതിനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. പാവപ്പെട്ടവർ പണിയെടുക്കുന്ന പരംപരാഗത വ്യവസായ മേഖലയിലെ തൊഴിൽ സാദ്ധ്യതയും കുറയുകയാണ്. ഭരണഘടന ഉറപ്പു നൽകുന്നവിധത്തിലുള്ള സംവരണാനുകൂല്യങ്ങൾ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ കഴിയാത്തത് സ്വകാര്യസ്ഥാപനങ്ങളിൽ എങ്ങനെയാണ് നടപ്പിലാക്കാൻ കഴിയുന്നതെന്ന് ചിന്തിക്കണം. പി. എസ്. സി. നിയമനങ്ങളിൽ ഉൾപ്പെടെ പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണതത്വം കർശനമായി പാലിക്കാൻ നടപടികൾ സ്വീകരിക്കണം.

**<u>ശ്രീ.തോമസ് ഉണ്ണിയാടൻ</u>**: പ്രമേയത്തെ പിൻതാങ്ങുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് തൊഴിൽ നിയമത്തിൽവന്നിട്ടുള്ള പ്രാതിനിധ്യ കുറവ് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ടമെന്റ് നടത്തണം. സഹകരണമേഖലയിലും എയിഡഡ് സ്കൂളുകളിലും സർക്കാറിൽനിന്നും ധനസഹായം പറ്റുന്ന സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തണമെന്ന

ശ്രീ.എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരാനും സാമൂഹ്യനീതി ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകും.

**ശ്രീ. ജോണി നെല്ലൂർ** പ്രമേയത്തെ അനുകൂലിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് 1825 തസ്തികകൾ പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടി നികത്തേണ്ടതായിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിൽ സാമൂഹ്യനീതി നടപ്പിലാക്കാൻ യോജിച്ച ഒരു സമീപനം ഉണ്ടാകണം, ഇതിന് ഗവൺമെന്റ് തയ്യാറാകുമെന്ന് പ്രത്യാശിക്കുന്നു.

**ശ്രീ .കെ.കെ.ഷാജു**: പ്രമേയത്തെ അനൂകൂലിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സർക്കാർ സർവ്വീസിൽ 18000 തസ്തികകൾ പിന്നോക്ക വിഭാഗത്തിന് കിട്ടാനുണ്ട്. അത് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. 1995-ൽ സംവരണ സംരക്ഷണ നിയമം കൊണ്ടുവന്നപ്പോൾ അതിനെ അനുകൂലിച്ചുകൊണ്ടാണ് ഞങ്ങളുടെ പാർട്ടി യു.ഡി.എഫിൽ ചേർന്നത്. പാർലമെന്റിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്തപ്പോൾ വ്യത്യസ്തമായ നിലപാടാണ് സി.പി.എം. സ്വീകരിച്ചത്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്ന ഭരണപരിഷ്കാര നടപടിയുടെ തിക്തഫലങ്ങളാണ് ഇന്നും നമ്മുടെ നാട്ടിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടരിക്കുന്നത്. നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**ഡോ.എ. നീലലോഹിതദാസൻ നാടാർ** : ഈ പ്രമേയത്തെ പിൻതാങ്ങുന്നു. 1955-ൽ സമർപ്പിച്ച കാകാകലേക്കർ കമ്മീഷൻ റിപ്പോർട്ട് 22 വർഷക്കാലം പൂഴ്ത്തിവച്ച പാരമ്പര്യമാണ് കോൺഗ്രസിനുള്ളത്. 1980-ൽ സമർപ്പിച്ച മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കോൺഗ്രസുകാർ 10

വർഷം പൂഴ്ത്തി വച്ചു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ പ്രമേയം അംഗീകരിക്കണം.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി** **(ശ്രീ.എം.എം.ഹസ്സൻ)** ഈ പ്രമേയത്തിന്റെ ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. 1..8.2000-ൽ സമർപ്പിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പിന്നോക്ക വിഭാഗങ്ങളുടെപ്രതിനിധ്യക്കുറവിനെ സംബന്ധിച്ചും കൂടതലായി കിട്ടണമെന്നു കണക്കാക്കി യിട്ടുള്ള തസ്തികകളെക്കുറിച്ചും വിശദമാക്കിയിട്ടുണ്ട്.

(ചർച്ച തുടരും)

സഭ ഉച്ചക്കുശേഷം 12.30-ന് പിരിഞ്ഞു.